(ബി) കെട്ടിടത്തിന്റെ പ്ളാൻ, ഘടന എന്നിവ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത് എപ്രകാരമാണെന്നറിയിക്കുമോ ;

(സി) തൃശൂർ ജില്ലയിൽ മണലൂർ ഗ്രാമപഞ്ചായത്ത് കാഞ്ഞാണി സബ് ട്രഷറിക്ക് കെട്ടിടം പണിതുനൽകാൻ തയ്യാറായിട്ടും അനുമതി നൽകാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് അടിയന്തര തീരുമാനമെടുക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രഷറി വകുപ്പ് അംഗീകരിച്ച് നൽകുന്ന ഡിസൈനും, പ്ലാനും, അനുസരിച്ചായിരിക്കണം കെട്ടിടം നിർമ്മിക്കേണ്ടത്. കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി യഥാസമയം ട്രഷറി വകുപ്പിനെ അറിയിക്കേണ്ടതാണ്.

(ബി) അതാതു ട്രഷറികളിലെ ഇടപാടുകളുടെ വ്യാപ്തിയും, പെൻഷൻകാരുടെ എണ്ണവും നൽകുന്ന സേവനങ്ങളും അനുസരിച്ചാണ് കെട്ടിടത്തിന്റെ ഘടന നിശ്ചയിക്കുന്നത്.

(സി) കാഞ്ഞാണിയിൽ നിലവിൽ സബ് ട്രഷറി അനുവദിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

കെ.എസ്.എഫ്.ഇ.യ്ക്ക് പുതിയ ശാഖകൾ

125 (1711) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.യ്ക്ക് പുതിയ ശാഖകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) റാന്നി നിയോജകമണ്ഡലത്തിലെ വടശ്ശേരിക്കര, വെച്ചൂച്ചിറ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് കെ.എസ്.എഫ്.ഇ.യുടെ ഓരോ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വടശ്ശേരിക്കര, വെച്ചൂച്ചിറ തുടങ്ങിയ സ്ഥലങ്ങളിൽ സാദ്ധ്യതാ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശാഖകൾ തുറന്ന് പ്രവർത്തിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly